**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2375** **04-03-2025 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികൾക്കായുള്ള ധന സമാഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാളിതുവരെ കിഫ്ബി മുഖേന അനുമതി നൽകിയ പദ്ധതികൾക്കായി ഏതൊക്കെ ഇനത്തിലാണ് തുക സമാഹരിച്ചിട്ടുള്ളത്; ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഇനി എത്ര തുക കൂടി സമാഹരിക്കേണ്ടതുണ്ട്; പ്രസ്തുത തുക ഏത് രീതിയിൽ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (എ) | നിലവിൽ, വിവിധ ബാങ്കുകൾ, ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവയിൽ നിന്നും ലോണുകൾ മുഖേനയും, ആഭ്യന്തര – അന്താരാഷ്ട്ര വിപണിയിൽ നിന്നും ബോണ്ടുകൾ മുഖേനയുമാണ് മുഖ്യമായും കിഫ്ബി ധനസമാഹരണം നടത്തി വരുന്നത്. ഇവയ്ക്ക് പുറമെ കെ.എസ്.എഫ്.ഇ യുമായി ചേർന്നുള്ള പ്രവാസി ചിട്ടി, കെ.എൻ.ആർ.കെ.ഡബ്ല്യു.ബിയുടെ ഡിവിഡന്റ് സ്കീം ലോൺ എന്നിവയിലൂടെയും കിഫ്ബി ധനസമാഹരണം നടത്തുന്നുണ്ട്.<br><br>കഴിഞ്ഞ 8 വർഷ കാലയളവിലായി 87,521.36 കോടി രൂപയുടെ 1147 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 10.02.2025 ലെ കണക്കുകൾ പ്രകാരം ഈ പദ്ധതികൾക്കായി 33,976.61കോടി രൂപ ഇതിനകം നൽകിയിട്ടുണ്ട്. നിലവിലെ കണക്കുകൾ പ്രകാരം 53,544.75 കോടി രൂപ തുടർന്നുള്ള കാലങ്ങളിൽ പദ്ധതികൾക്ക് നൽകേണ്ടതായുണ്ട്. ടി തുക നിലവിലെ രീതിയിൽ ധനസമാഹരണം നടത്തി കണ്ടെത്തുവാൻ തന്നെയാണ് കിഫ്ബി ഉദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ